പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1175 | 30.09.2016 ൽ മറുപടിക്ക്

## പരസ്യ ബോർഡുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ. രാജൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) റോഡ് സുരക്ഷയെ അപായപ്പെടുത്തുന്ന പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗ രേഖകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; (ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) ഉം (ബി) ഉം | റോഡുകളിലെ അനധികൃത പരസ്യ ബോർഡുകൾ റോഡപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്നും അവ നീക്കം ചെയ്യണമെന്നും WP(C)27011/12 നമ്പർ കേസിൽ 21.02.2013 ൽ ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. റോഡുകളിലെ അനധികൃത പരസ്യബോർഡുകൾ നീക്കം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതിലേക്ക് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, സംസ്ഥാന പോലീസ് മേധാവി, ട്രാൻസ്പോർട്ട് കമ്മീഷണർ, നഗരകാര്യവകുപ്പ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ചീഫ് എൻജിനീയർ (ആർ & ബി) പൊതുമരാമത്ത് വകുപ്പ്, ചീഫ് എൻജിനീയർ (എൻ.എച്ച്) പൊതുമരാമത്ത് വകുപ്പ് എന്നീ വകുപ്പുകൾക്കും ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവികൾ, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ എന്നിവർക്കും അടിയന്തര നടപടികൾ സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃത പരസ്യ ബോർഡുകൾ, ഫ്ലക്സുകൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് കേരളത്തിലെ പ്രമുഖ പത്രങ്ങളിലൂടെ അറിയിപ്പും നൽകിയിരുന്നു. വലിയ പരസ്യ ബോർഡുകൾ സ്ഥാപിക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ, അനുമതി നൽകുവാനുള്ള അധികാരം എന്നിവ വ്യവസ്ഥ ചെയ്യുന്നതിനുള്ള Out door Advertising Policy ക്ക് 02.02.2016 ലെ G.O (Rt) No. 06/2016/ഗതാ ഉത്തരവ് പ്രകാരം സർക്കാർ രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പോളിസിയെ സംബന്ധിച്ച വ്യാപകമായ പരാതികൾ ഉയർന്നതിന്റെ അടിസ്ഥാനത്തിൽ ഇത് പരിഹരിക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ